# Mathrubhumi

# 23 August 2018

# Kakkanad, After Flood, Infected Animals, Mobile Clinics



## രോഗബാധയേറ്റ മൃഗങ്ങൾക്ക് നാളെ മുതൽ മൊബൈൽ ക്ലിനിക്കുകൾ

**കാക്കനാട്** ▸ പ്രളയക്കെടുതിയിൽ രോഗബാധയേറ്റ മൃഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ഓഗസ്റ്റ് 23 മുതൽ ജില്ലയിൽ 40 മൃഗാരോഗ്യ മൊബൈൽ ക്ലിനിക്കുകൾ നടത്തുമെന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പ്രളയം സാരമായി ബാധിച്ച ആലുവ, നോർത്ത് പറവൂർ, മൂവാറ്റുപുഴ താലൂക്കുകളിലെ വെള്ളപ്പൊക്ക ബാധിത പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് ക്ലിനിക്കുകൾ നടത്തുക.

രണ്ടു മുതൽ മൂന്നു വരെ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ക്യാമ്പുകളിൽ ഉറപ്പുവരുത്തും. പഞ്ചായത്ത് അധികൃതരുമായി ചർച്ച ചെയ്താണ് ക്യാമ്പിനുള്ള സ്ഥലവും സമയവും തിരഞ്ഞെടുക്കുക. മൃഗങ്ങളെ ക്യാമ്പിലെത്തിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സ്ഥലത്തെത്തി ചികിത്സ ഉറപ്പാക്കുമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു. മൃഗങ്ങൾക്ക് മരുന്നും ധാതുലവണ മിശ്രിതവും നൽകും.

പ്രാഥമിക കണക്കെടുപ്പനുസരിച്ച് 4,773 മൃഗങ്ങളും 1,78,544 പക്ഷികളും ചത്തൊടുങ്ങുകയും 1,679 കാലിത്തൊഴുത്തുകൾ തകരുകയും ചെയ്തിട്ടുണ്ട്.